ഉത്തരം

(എ) വയനാട് ജില്ലയിൽ യുവജനക്ഷേമ ബോർഡ് ജില്ലാതലത്തിൽ മാത്രമാണ് പരിപാടികൾ നടത്തിവരുന്നത്. ഇവിടെ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 3 വർഷങ്ങളിൽ 7,82,213.50 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ യുവശക്തി, യുവകർമ്മസേന മുതലായ പദ്ധതികൾ പുതിയതായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) വയനാട് ജില്ലയ്ക്ക് മാത്രമായി പ്രത്യേക പരിപാടികളൊന്നും പരിഗണനയിലില്ല. ബോർഡ് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതി/പരിപാടികളും വയനാട് ജില്ലയിലും നടപ്പിലാക്കിവരുന്നു.

തുറമുഖ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയുള്ള സി.ബി.ഐ. കേസ്

108 (1693) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിലെ ഏതെങ്കിലും കേസ്സ് സി.ബി.ഐ. അന്വേഷിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ബേപ്പൂർ തുറമുഖംവഴി ലക്ഷദ്വീപിലേക്ക് ഡീസൽ കയറ്റുമതി ചെയ്യുന്നതിൽ കൃത്രിമം നടന്ന ആരോപണത്തെ സംബന്ധിച്ച് സി.ബി.ഐ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിലെ ഉദ്യോഗസ്ഥർ, സ്വകാര്യവ്യക്തികൾ എന്നിവർ ഉൾപ്പെട്ടതുമായ 2 കേസുകളിൽ ആരോപണ വിധേയരായിട്ടുള്ള തുറമുഖ വകുപ്പിലെ 2 ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യാൻ സിബി.ഐ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൽ RC 3 (A)/2009/CBI/KER-നം കേസിൽ പ്രോസിക്യൂഷൻ അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. RCI(A)/2009/KER-നം കേസിലും പ്രോസിക്യൂഷൻ അനുമതി ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്.

ശമ്പള പരിഷ്ക്കരണം

109 (1694) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും കേന്ദ്ര പാരിറ്റി നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കുള്ളതുപോലെ എൽ.റ്റി.സി. തുടങ്ങിയ ആനുകൂല്യങ്ങൾ സംസ്ഥാന ജീവനക്കാർക്കും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പള പരിഷ്ക്കരണം 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ പരിശോധിച്ചു വരികയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഇൻഷ്വറൻസ് വരുമാന വർദ്ധനവ്

110 (1695) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ഇൻഷ്വറൻസ് സ്കീമുകളുടെ നവീകരണത്തിനായി ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ എന്തൊക്കെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഈ വർഷം ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ പുതിയ ഇൻഷ്വറൻസ് ഉൽപ്പന്നങ്ങൾ പുറത്തിറക്കാനായി എന്നറിയിക്കുമോ ;

(ഡി) ഇത്തരം പുതിയ ഉൽപ്പന്നങ്ങളിലൂടെ ഇൻഷ്വറൻസ് ബിസിനസ്സിൽ ഈ വർഷം എത്രകോടി രൂപയുടെ വർദ്ധനവ് നേടാമെന്നാണ് കണക്കാക്കിയിരിക്കുന്നത് ; ഈ സാമ്പത്തിക വർഷത്തിൽ ഈ ലക്ഷ്യം കൈവരിക്കാനാകുമോ ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ഇൻഷ്വറൻസ് സ്കീമുകളുടെ നവീകരണത്തിനുൾപ്പെടെയുള്ള നിരവധി ശുപാർശകൾ ഐ.സി.എ.ഐ സർക്കാരിന് നൽകിയ ഇടക്കാല റിപ്പോർട്ടിൽ ഉണ്ട്. ലൈഫ് ഇൻഷ്വറൻസ് ബ്രാഞ്ചിലും, ജനറൽ ഇൻഷ്വറൻസ് ബ്രാഞ്ചിലും സർക്കാർ ജീവനക്കാർക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമായി പുതിയ പുതിയ ഇൻഷ്വറൻസ് ഉൽപ്പന്നങ്ങൾ പുറത്തിറക്കുക എന്നതായിരുന്നു പ്രധാന ശുപാർശകളിലൊന്ന്. ഇത് നടപ്പാക്കാൻ ഇൻഷ്വറൻസ് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വകുപ്പിന്റെ അക്കൗണ്ടുകൾ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനും വകുപ്പിനെ സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുമുള്ള ശുപാർശകളും ഐ.സി.എ.ഐ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly